(സി&ഡി) 1-2-2000-ൽ കൊല്ലം എസ്.എൻ. കോളേജ് പ്രിൻസിപ്പാളിന്റെ മുറിക്ക് മുന്നിൽ വിദ്യാർത്ഥികൾ കുത്തിയിരിപ്പ് നടത്തിയിരുന്നു. വിദ്യാർത്ഥികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കോളേജ് പ്രിൻസിപ്പാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ മറ്റു വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

പോലീസ് കസ്റ്റഡിയിൽ ചികിത്സയിലായിരുന്ന പ്രതികളെ നോവിപ്പിച്ച സംഭവം

75(75) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതുകുളം പി.എച്ച്. സെന്ററിൽ പോലീസ് കസ്റ്റഡിയിൽ ചികിത്സയിൽ ആയിരുന്ന കോൺഗ്രസ്സ് (ഐ)ക്കാരായ ചില പ്രതികളെ ഏതാനും പേർ ചേർന്ന് പോലീസിനെ മർദ്ദിച്ചശേഷം ബലം പ്രയോഗിച്ച് മോചിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഭവത്തിന്റെ വിശദവിവരങ്ങൾ നല്കുമോ ?

(സി) പ്രതികളെ മോചിപ്പിച്ചവരുടെ മർദ്ദനമേറ്റ് എത്ര പോലീസുകാർക്ക് പരിക്കുപറ്റി ?

(ഡി) സംഭവത്തിൽ പ്രതികളായവരുടെയും മർദ്ദനത്തിൽ പരിക്കുപറ്റിയ പോലീസുകാരുടെയും പേര് വിവരങ്ങൾ വിശദമാക്കുമോ ;

(ഇ) ഈ സംഭവത്തിൽ കുറ്റക്കാർക്കെതിരെ എടുത്ത നടപടികൾ വിശദീകരിക്കുമോ ;

(എഫ്) ഇതിലെ പ്രതികൾക്ക് പോലീസ് സ്റ്റേഷനിൽ ജാമ്യം നല്കി വിട്ടയച്ചിട്ടുണ്ടോ ;

(ജി) പ്രതികൾക്ക് കാവൽനിന്ന പോലീസിനെ മർദ്ദിച്ചശേഷം ആശുപത്രിയിൽ നിന്നും പ്രതികളെ കാറിൽകയറ്റി ബലം പ്രയോഗിച്ച് മോചിപ്പിച്ച് കൊണ്ടുപോയ കുറ്റം ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ഏതു വകുപ്പുകൾ പ്രകാരമാണ് ചാർജ് ചെയ്യേണ്ടത് എന്ന് അറിയിക്കുമോ. ഈ വകുപ്പുകൾ പ്രകാരമുള്ള കുറ്റം സ്റ്റേഷനിൽനിന്നും ജാമ്യം നല്കാവുന്നതാണോ ;

(എച്ച്) ഏതു വകുപ്പുകൾ പ്രകാരമാണ് പ്രതികൾക്കെതിരെ കേസ് എടുത്തത് ;

(ഐ) ഈ സംഭവത്തിൽ പോലീസ് സ്റ്റേഷനിലെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർ പ്രതികൾക്ക് അനുകൂലമായ സമീപനം സ്വീകരിച്ചുവെന്ന ആക്ഷേപത്തെപ്പറ്റി എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കരീലകുളങ്ങര പോലീസ് സ്റ്റേഷൻ ക്രൈം 211/99 കേസിലെ മൂന്ന് പ്രതികൾ കനകക്കുന്ന് പി.എസ്. അതിർത്തിയിൽപ്പെട്ട പി.എച്ച്. സെന്ററിൽ പോലീസ് നിരീക്ഷണത്തിൽ ചികിത്സയിൽ കഴിഞ്ഞുവരവെ പ്രതിയെ ഒന്ന് മുതൽ എട്ട് വരെ പ്രതികൾ രണ്ടുകാറുകളിലായി സ്ഥലത്തെത്തി അവിടെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന മൂന്നു പോലീസുകാരെ പരിക്കേല്പിച്ചശേഷം ബലമായി ടി മൂന്ന് പ്രതികളെ രക്ഷപ്പെടുത്തിക്കൊണ്ടുപോയിട്ടുള്ളതും സംഭവമറിഞ്ഞെത്തിയ കനകക്കുന്ന് എസ്.ഐ സംഭവസ്ഥലത്തുണ്ടായിരുന്ന 8 മുതൽ 40 പ്രതികളെ നീക്കം ചെയ്ത് സ്റ്റേഷനിൽ കൊണ്ടുപോകുകയും പി.സി. രാജശേഖരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കനകക്കുന്ന് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രതികളെ ചോദ്യം ചെയ്തതിൽ കുറ്റം ഏറ്റുപറഞ്ഞിട്ടുള്ളതും പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതുമാണ്. കൃത്യത്തിന് ഉപയോഗിച്ച രണ്ട് കാറുകളും ബന്ധവസ്സിലെടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. പ്രതികൾ സെക്ഷൻ 452, 506 (11) ഐ.പി.സി. പ്രകാരമുള്ള കുറ്റവും കൂടി ചെയ്തിട്ടുള്ളതിനാൽ ടി വകുപ്പുകൾകൂടി ചേർത്ത് കേസ്സിന്റെ അന്വേഷണം തുടർന്ന് നടത്തിയിട്ടുള്ളതും അഞ്ചാം പ്രതിയെയും എട്ട് മുതൽ പതിനൊന്ന് വരെ പ്രതികളെയും അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതിൽ കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. ആറും ഏഴും പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റുചെയ്തിട്ടില്ല. കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി ഡ്രാഫ്റ്റ് ചാർജ്ജ് തയ്യാറാക്കി പബ്ലിക് പ്രോസിക്യൂട്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) മൂന്ന്.

(ഡി) പ്രതികൾ

1. ത്രിവിക്രമൻ തമ്പി
2. തങ്കപ്പൻ
3. സുകുമാരൻ
4. രവി
5. സുനിൽകുമാർ
6. സുബൈർ
7. സൈനുല്ലാബ്ദീൻ
8. നാസർ
9. ഷാജി
10. അനിൽകുമാർ
11. ബിജു

LIBRARY ARCHIVES Kerala Legislative Assembly

പരിക്കുപറ്റിയ പോലീസുകാർ

1. രാജശേഖരൻ
2. വിനോദ്കുമാർ
3. പ്രതീപ് കുമാർ

(ഇ) ടി കേസിലെ ഒന്നു മുതൽ നാലു വരെ പ്രതികളെ അറസ്റ്റു ചെയ്ത് സ്റ്റേഷനിൽ നിന്നും ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതും അഞ്ചാം പ്രതിയെയും എട്ട് മുതൽ പതിനൊന്ന് വരെ പ്രതികളെയും അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി അവരെ റിമാന്റു ചെയ്തിട്ടുള്ളതുമാണ്. ആറും ഏഴും പ്രതികൾ ഒളിവിലാണ്.

(എഫ്) ഉണ്ട്. ഈ കേസ് ആദ്യം സെക്ഷൻ 143, 147, 149, 341, 323, 332, 506(1) പ്രകാരമാണ് രജിസ്റ്റർ ചെയ്തിരുന്നത്. അതനുസരിച്ച് അറസ്റ്റ് ചെയ്ത ഒന്ന് മുതൽ നാല് വരെ പ്രതികളെ പോലീസ് സ്റ്റേഷനിൽ നിന്നും ജാമ്യത്തിൽ വിട്ടിട്ടുണ്ട്.

(ജി) സെക്ഷൻ 143, 147, 149, 341, 323, 452 ഉം 506(11) ഐ.പി.സി. പ്രകാരം കേസ് ചാർജ് ചെയ്യേണ്ടത്. ഈ വകുപ്പുകൾ പ്രകാരമുള്ള കുറ്റം പോലീസ് സ്റ്റേഷനിൽ നിന്നും ജാമ്യം നല്കാവുന്നതല്ല. കേസ്സിന്റെ അന്വേഷണം കായംകുളം സി.ഐ. ഏറ്റെടുത്ത ശേഷമാണ് പ്രതികൾ 452, 506(II) വകുപ്പുകൾ പ്രകാരമുള്ള കുറ്റംകൂടി ചെയ്തതെന്ന് ബോദ്ധ്യമായത്. ഇതനുസരിച്ച് പിന്നീട് അറസ്റ്റു ചെയ്ത അഞ്ചാം പ്രതിയെയും എട്ട് മുതൽ പതിനൊന്ന് വരെ പ്രതികളെയും കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(എച്ച്) യു. എസ്.143, 147, 149, 341, 323, 506(10) ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് അന്വേഷണത്തിൽ സെക്ഷൻ 452, 506(11) ഐ.പി.സി കൂടി ചേർത്തിട്ടുള്ളതുമാണ്.

(ഐ) പരാതി ലഭിച്ചിട്ടില്ല.

കായംകുളം അക്കിനാൽ പെന്തികോസ്ത് പള്ളി ആക്രമിച്ച സംഭവം

76 (76) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അക്കിനാൽ പെന്തികോസ്ത് പള്ളി ആക്രമിച്ച കുറ്റവാളികളെ കണ്ടെത്തി പിടികൂടിയോ എന്ന് അറിയിക്കുമോ ;

(ബി) ഈ സംഭവത്തെപ്പറ്റി അന്വേഷിച്ച ലോക്കൽ സി.ഐ.യേയും ഡി.വൈ.എസ്.പി.യേയും മാറ്റി ക്രൈംബ്രാഞ്ചിനെ ഏല്പിച്ചത് എന്ന് മുതലാണ് ;

(സി) ക്രൈംബ്രാഞ്ചിന്റെ അന്വേഷണഫലങ്ങളെപ്പറ്റി വ്യക്തമാക്കുമോ ;

(ഡി) ഈ കേസ് അന്വേഷിച്ച കായംകുളം സി.ഐ, ഡി.വൈ.എസ്.പി. എന്നിവരുടെ പേരിൽ ഡിപ്പാർട്ടുമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly